# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1373** **30.01.2018 -ലെ മറുപടിയ്ക്ക്**

## സ്റ്റാസിന്റെ കൈമാറ്റം

*ചോദ്യം*
ശ്രീ.പി.ടി. തോമസ്

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിലെ സ്റ്റാസ് എം. ജി. യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ സി. പി. എ. എസ് സൊസൈറ്റിക്ക് കൈമാറാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരുന്ന മെഡിക്കൽ എൻജിനീയറിംഗ് അനുബന്ധ കോഴ്സുകളുടെ അഫിലിയേഷൻ ആരോഗ്യ, സാങ്കേതിക സർവ്വകലാശാലകളിലേക്ക് മാറ്റേണ്ട സാഹചര്യം മൂലം ഉടലെടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് 'സിപാസ്' എന്ന സൊസൈറ്റി സ്ഥാപിച്ച്, സർവ്വകലാശാല നടത്തി വന്നിരുന്ന എല്ലാ സ്വാശ്രയ സ്ഥാപനങ്ങളും, പ്രസ്തുത സൊസൈറ്റിക്ക് വിട്ടു നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിലാണ്, സ്റ്റാസ് എന്ന സ്ഥാപനം സിപാസ് എന്ന സൊസൈറ്റിക്ക് കൈമാറിയത്. |
| (ബി) | ഇപ്രകാരം കൈമാറിയപ്പോൾ ഗവേഷണ കേന്ദ്രവും ഉൾപ്പെടുത്തിയത് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പുതുക്കിയ പി.എച്ച്.ഡി. റഗുലേഷൻ അനുസരിച്ച് സ്വാശ്രയ സ്ഥാപനങ്ങൾക്ക്, റിസർച്ച് സെന്ററിനും. ഗൈഡുകൾക്കും അനുമതിയില്ല. നിലവിലുള്ള സെന്ററുകളിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണം പൂർത്തിയാക്കുന്നതിനുള്ള അനുമതി മഹാത്മാഗാന്ധി സർവ്വകലാശാല നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ ഗവേഷണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അന്തിമ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ